വിധവകൾക്കുള്ള പെൻഷൻ പദ്ധതി.

* 374. [5] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ വിധവകൾക്കുള്ള പെൻഷൻ പദ്ധതിയനുസരിച്ച് ധനസഹായം ചെയ്യുവാൻ ഈ സാമ്പത്തികവർഷത്തിൽ എത്ര രൂപ നീക്കി വച്ചിട്ടുണ്ട് ;

(ബി) വിധവകൾക്കുള്ള പെൻഷൻ പദ്ധതിപ്രകാരം ഒരു വിധവയ്ക്ക് എത്ര രൂപവീതം പെൻഷൻ കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയനുസരിച്ചുള്ള സഹായം ലഭിക്കുന്നതിന് ഇതുവരെ എത്ര അപേക്ഷ ലഭിച്ചു ;

(ഡി) അതനുസരിച്ചു എത്രപേർക്ക് പെൻഷൻ അനുവദിച്ചു; എത്ര രൂപവീതം ?

മി. സ്പീക്കർ: ഇതിലെ ബി, സി ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്.

മുഖ്യമന്ത്രി (ശ്രീ ആർ. ശങ്കർ):

(എ) 2 ലക്ഷംരൂപ.

(ബി) പ്രായപൂർത്തിയാകാത്ത ഒരു കുട്ടിയോ, കുട്ടികളോ ഇല്ലാത്ത വിധവയ്ക്ക് പ്രതിമാസം പരമാവധി 15 രൂപയും, പ്രായപൂർത്തിയാകാത്ത ഒരു കുട്ടിയോ, കുട്ടികളോ ഉള്ള വിധവയ്ക്ക് പ്രതിമാസം 20 രൂപയും പെൻഷൻ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഭാസ്കരൻനായർ: സഹോദരന്മാരുള്ള വിധവയ്ക്ക് ഈ പെൻഷൻ കൊടുക്കാതെ തടഞ്ഞുവച്ചിരിക്കുന്നതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ: സഹോദരന്മാരിൽനിന്നു അവർക്ക് യാതൊരു സഹായവും ലഭിക്കുന്നില്ലെന്നു വന്നാൽ പെൻഷൻ കൊടുക്കുവാൻ വിരോധമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: നിർദ്ധനരായ വിധവകൾ എന്നു പറഞ്ഞാൽ അതു കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: നിശ്ചിതമായ വരുമാനം ഉണ്ടാകാതിരിക്കുക, വല്ല വരുമാനവും ഉണ്ടെങ്കിൽ അതു 15 രൂപയിലും 20 രൂപയിലും താഴെയായിരിക്കുക ഇതൊക്കെയാണ് മാനദണ്ഡം.

ഹരിജൻ വെൽഫെയർ സ്കൂളുകളിലെ ഉപകരണങ്ങൾ.

* 375. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹരിജൻ വെൽഫെയർ സ്കൂളുകളിൽ ഓരോന്നിലും ആവശ്യമായ ഉപകരണങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉപകരണങ്ങൾ ഒന്നും ഇല്ലാത്ത സ്കൂളുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏവ ;

(സി) ഒന്നുമുതൽ നാലുവരെ ക്ലാസുകളുള്ള ഒരു സ്കൂളിൽ എന്തെല്ലാം ഉപകരണങ്ങളാണ് ഡിപ്പാർട്ടുമെന്റിൽനിന്നും സപ്ലൈ ചെയ്യുന്നത് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ആവശ്യമായ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ക്ലാസും തുടങ്ങുമ്പോഴും 150 രൂപയുള്ള ഫർണീച്ചർ സപ്ലൈ ചെയ്യുന്നുണ്ട്. കൂടാതെ അദ്ധ്യാപകരും, ഉപകരണങ്ങളും കഴിയുന്നിടത്തോളം നൽകിവരുന്നുണ്ട്.

ശ്രീ. പി. സി. ആദിച്ചൻ: ആവശ്യമായ ഉപകരണങ്ങളും കൊടുക്കുന്നുണ്ടെന്നാണ് മന്ത്രി നൽകിയിട്ടുള്ള ഈ മറുപടിയിൽനിന്നു മനസ്സിലാക്കുന്നതു്. ഇരിക്കുവാൻ ഒരു ബഞ്ചുപോലുമില്ലാതെ വെറും നിലത്തിരുന്നാണു് ഹരിജൻ വെൽഫെയർ സ്കൂളുകളിലെ കുട്ടികളും പഠിക്കുന്നതെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കികൊണ്ടാണോ ഇന്നു ഉത്തരം പറഞ്ഞതു്?

മി. സ്പീക്കർ: വസ്തുതകളും മനസ്സിലാക്കികൊണ്ടാണു് മന്ത്രി ഉത്തരം നൽകുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ: ഹരിജൻ വെൽഫെയർ സ്കൂളുകളും ആരംഭിച്ച കാലത്തു് നൽകിയ ഉപകരണങ്ങളും ഉണ്ടെന്നാണോ പറയുന്നതു്? ഹരിജൻ വെൽഫെയർ സ്കൂളുകളിൽ ഇപ്പോഴുള്ള കുട്ടികളുടെ സംഖ്യയനുസരിച്ചു ബെഞ്ചുകളും, മറ്റുപകരണങ്ങളും ഇല്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അതു പെട്ടിട്ടില്ല. ഓരോ ക്ലാസും ആരംഭിക്കുമ്പോഴും 150 രൂപയുള്ള ഫർണിച്ചർ സപ്ലൈ ചെയ്യുന്നുണ്ട്. ഏതെങ്കിലും സ്കൂളിൽ ആ ഉപകരണങ്ങളും ഇല്ലെന്നു പറഞ്ഞാൽ അതു കൊടുക്കുന്നതിനു സത്വര നടപടിയെടുക്കാം.

ശ്രീ. ഒ. കോരൻ: ഹരിജൻ വെൽഫെയർ സ്കൂളുകളിൽ ആവശ്യമായ ഉപകരണങ്ങളും കൊടുക്കണമെന്നു അതതു് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ ആവശ്യപ്പെട്ടിട്ടു് കൊടുത്തിട്ടില്ലെന്നറിയാമോ? കഴിഞ്ഞകൊല്ലം ഇതിലേയ്ക്കുവേണ്ടി എത്ര രൂപ നീക്കിവച്ചുവെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതു പ്രത്യേകമായി ചോദിച്ചാൽ മറുപടി പറയാം. ഓരോ സ്കൂളിലും ആവശ്യമായ മേപ്പു്, ഗ്ലോബു് തുടങ്ങിയവയെല്ലാം വാങ്ങുന്നതിനു നടപടി എടുക്കുന്നുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ഭൂപടം, ഗ്ലോബു് മുതലായവ കൊടുക്കുന്നുണ്ടു്. അങ്ങനെ ഹരിജൻ വെൽഫെയർ സ്കൂളുകളിലും കൊടുത്തുവരുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഈ കാര്യം ഗവണ്മെന്റു പരിശോധിച്ചു വേണ്ട നടപടി എടുക്കാം.

ശ്രീ. പി. സി. ആദിച്ചൻ: ഒരൊറ്റ സ്കൂളിലും ആവശ്യമായ ഉപകരണങ്ങളും ഇല്ലെന്നു ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഞാൻതന്നെ ഒരു ഹരിജൻ വെൽഫെയർ സ്കൂളിൽ ഒരു കാലത്തു അദ്ധ്യാപകനായിരുന്നു. ആ സമയത്തു് സ്കൂളിലുള്ള മേപ്പു്, ഗ്ലോബു് ഇവ വച്ചു കുട്ടികളെ പഠിപ്പിച്ചിട്ടുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ: ഇപ്പോഴുള്ള വെൽഫെയർ സ്കൂളുകളുടെ കാര്യത്തിൽ ഒരു സൂക്ഷ്മമായ പരിശോധന നടത്തി സ്കൂളിലേയ്ക്കാവശ്യമായ സാധനങ്ങളും ഇല്ലെങ്കിൽ അവ കൊടുക്കുവാൻ ആവശ്യമായ നടപടിയെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ആ കാര്യം പരിശോധിക്കാം.

ശ്രീ. പി. ചാക്കോ: ഹരിജനങ്ങൾക്കുവേണ്ടി വളരെയധികം പണം ചെലവു ചെയ്തുകൊണ്ടിരിക്കുന്ന സ്ഥിതിക്കു് ഈ സ്കൂളുകളും എല്ലാം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ ഏല്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : ഈ കാര്യം ഗവണ്മെന്റു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഈ അടുത്ത കാലത്തു് ഒരു സ്ലൂളിന്റെ മേൽക്കൂര തകർന്നതായും, അതിന്റെ ഫലമായി ഒരു കുട്ടി മരിച്ചതായും ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ നിർഭാഗ്യകരമായ ഒരവസ്ഥയുണ്ടായി. ഒരു വലിയ ചുഴലിക്കാറ്റു് അടിച്ചതിന്റെ ഫലമായി സ്ലൂളിന്റെ മേൽക്കൂര തകരുകയും, അതിന്റെ ഫലമായി ഒരു കുട്ടി മരിക്കുകയുമാണുണ്ടായതു്. അവിടെ തൊട്ടടുത്തു് പന്തീരായിരം രൂപ ചെലവുചെയ്തു് ഒരു കെട്ടിടം ഉണ്ടാക്കിയിട്ടുണ്ടു്. ആ കെട്ടിടത്തിലേക്കു് ഈ സ്ലൂളം മാറ്റാൻ തീരുമാനിച്ചിരിക്കുമ്പോഴാണു് ഈ അത്യാഹിതം സംഭവിച്ചതു്.

ശ്രീ. പി. സി. ആദിച്ചൻ : രാജ്ഭവനിൽവച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അഡ്വൈസറികമ്മറ്റിമീറ്റിംഗിൽ ഹരിജൻ വെൽഫെയർ സ്ലൂളുകളിൽ മേപ്പു്, ഗ്ലോബു് മുതലായ ഉപകരണങ്ങളും കൊടുക്കണമെന്നു റസല്യൂഷൻ പാസ്സാക്കിയിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതറിയാം. ഈ ഉപകരണങ്ങളും ഇല്ലാത്ത സ്ലൂളുകളിൽ അതു കൊടുക്കുവാനാണു് അന്നു തീരുമാനിച്ചതു്.

Township in the Eloor area

* 376. [7] **Shri K. R. Vijayan** : Will the Minister for Industries and Local Administration be pleased to state :

(a) whether the Government propose to constitute a township in the Eloor area ;

(b) if so, which are the factories that would be benefited by it;

(c) what is the approximate population in the area ; and

(d) whether the Government would have to bear any financial burden in this behalf ?

Minister for Industries (**Shri K. A. Damodara Menon**) :

(a to d) A proposal for the constitution of a township in the Eloor area is under consideration. The details have not been finalised.

ശ്രീ. കെ. ആർ. വിജയൻ : ഈ ആവശ്യത്തിനുവേണ്ടി ഒരു ബിൽ ഏറ്റവും വേഗം ഈ നിയമസഭയിൽ അവതരിപ്പിക്കാൻ വേണ്ട നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇതിനു് പ്രത്യേകം ഒരു ബില്ലിന്റെ ആവശ്യമില്ല. നാമിവിടെ പാസ്സാക്കിയിട്ടുള്ള പഞ്ചായത്താക്ടിലെ ചില വ്യവസ്ഥയനുസരിച്ചു ആവശ്യമുള്ള സ്ഥലങ്ങളിൽ ടൗൺഷിപ്പു് ഉണ്ടാക്കാം.

ശ്രീ. കെ. സി. ഏബ്രഹാം : ഈ പ്രദേശം ടൗൺഷിപ്പു് ആക്കുന്നതു സംബന്ധിച്ചു് വല്ല പ്രതിഷേധവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വരാപ്പുഴ പഞ്ചായത്തു പ്രസിഡണ്ടു് വരാപ്പുഴയിൽപ്പെട്ട സ്ഥലങ്ങളും ടൗൺഷിപ്പിൽപ്പെടുത്തേണ്ടാ എന്നു പറഞ്ഞിട്ടുണ്ടു്. അവയൊക്കെ പരിഗണിക്കും.

ശ്രീ. എം. സി. ഏബ്രഹാം : മറ്റേതെങ്കിലും സ്ഥലത്തു് ടൗൺഷിപ്പിനു പ്രപ്പോസൽ ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly